(സി) സർക്കാർ ഉത്തരവ് പൂർണ്ണമായും പ്രാബല്യത്തിലായത് എന്നു മുതലാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ഉത്തരവ് പാലിക്കാത്ത സ്കൂൾ മാനേജ്മെന്റുകൾ ഉണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

(ഇ) ഉത്തരവ് പാലിക്കാത്ത സ്കൂൾ മാനേജ്മെന്റുകൾക്കെതിരെ ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(എഫ്) അൺ എയിഡഡ് സ്കൂളുകളിൽ പാഠപുസ്തകങ്ങൾക്ക് അമിത വില ഈടാക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) എങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവ് (പി) 243/99/പൊ.വി. തീയതി. 30-9-1999 അനുബന്ധമായി വച്ചിട്ടുണ്ട്. †

(സി) സർക്കാർ ഉത്തരവിന്റെ തീയതിയായ 30-9-1999 മുതൽ.

(ഡി) ഉണ്ട്. ചില സ്കൂളുകൾ സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിനേക്കാൾ കൂടുതൽ ഫീസ് പിരിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ട്. അത് അന്വേഷിച്ചു വരുന്നു.

(ഇ) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാത്ത സ്കൂളുകൾക്കെതിരെ നിയമാനുസൃതം നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) ഇല്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

മദ്രസാ വിദ്യാഭ്യാസ നവീകരണ പദ്ധതിയനുസരിച്ചുള്ള കേന്ദ്ര സഹായത്തിന് നിവേദനം

61 (2936) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മദ്രസാ വിദ്യാഭ്യാസ നവീകരണ പദ്ധതിയനുസരിച്ചുള്ള കേന്ദ്ര സഹായത്തിന് കേന്ദ്ര ഗവൺമെന്റിന് നിവേദനം നൽകിയിരുന്നോ ;

(ബി) നൽകിയില്ലെങ്കിൽ അത് എന്തുകൊണ്ടാണെന്നും അതിന് കേന്ദ്രത്തിൽ നിന്ന് എന്ത് മറുപടി ലഭിച്ചെന്നും അറിയിക്കുമോ ;

†. അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ആവശ്യത്തിന് കേന്ദ്രത്തിൽ നിന്ന് ഏതൊക്കെ കാലയളവിൽ എത്രയൊക്കെ തുക ലഭിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ തുക വിനിയോഗിച്ചതിന്റെ സർട്ടിഫിക്കറ്റ് കേന്ദ്രത്തിന് യഥാസമയം നൽകാത്തതുമൂലമാണ് റെക്കറിംഗ് ഗ്രാന്റ് കിട്ടാതിരിക്കുന്നത് എന്ന വസ്തുത ശരിയാണോ ;

(ഇ) ന്യൂനപക്ഷത്തിന് അർഹതപ്പെട്ട ഗ്രാന്റ് നഷ്ടപ്പെടുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പരിശോധിച്ച അപേക്ഷകൾ കേന്ദ്രത്തിലേയ്ക്ക് അയക്കുവാൻ പോവുകയാണ്.

(ബി) ഉദിക്കുന്നില്ല.

(സി) 1996 ൽ പ്രസ്തുത പദ്ധതിയിൻ കീഴിൽ ലഭിച്ച 12,76,800 രൂപ (പന്ത്രണ്ട് ലക്ഷത്തി എഴുപത്താറായിരത്തി എണ്ണൂറ്) 20-11-99-ലെ സർക്കാർ ഉത്തരവ് ജി. ഒ. (ആർ. റ്റി.) 5139/99/പൊ.വിവ. പ്രകാരം അർഹതപ്പെട്ട മദ്രസകൾക്ക് വിതരണം ചെയ്യുവാൻ അനുമതി നൽകിയിട്ടുണ്ട്.

(ഡി & ഇ) ഈ തുക വിനിയോഗിച്ചതിന്റെ സർട്ടിഫിക്കറ്റു സഹിതം റെക്കറിംഗ് ഗ്രാന്റിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുവാൻ ഡി. പി. ഐ. ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറാഫീസുകളിലെ അക്കൗണ്ട്സ് ഓഫീസറുടെ നിയമനങ്ങൾ

62 (2937) ശ്രീ. ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മൂന്ന് പൊതുവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറാഫീസുകളിൽ, സാധാരണ നടപടി ക്രമങ്ങൾ ലംഘിച്ചുകൊണ്ട് വകുപ്പിന് പുറത്തു നിന്ന് അക്കൗണ്ട്സ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ ജില്ലകളിലാണ് അപ്രകാരം നിയമനം നടത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത മൂന്ന് അക്കൗണ്ട്സ് ഓഫീസർമാരുടെ തസ്തികകളും വിദ്യാഭ്യാസവകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ പ്രമോഷൻ തസ്തികകളായി പുനഃസ്ഥാപിച്ചുകൊണ്ട് എത്രയും പെട്ടെന്ന് ഉത്തരവ് ഉണ്ടാകുമോ ?

ഉത്തരം

(എ) നിലവിലുള്ള നടപടി ക്രമം വിട്ട് ആരെയും നിയമിച്ചിട്ടില്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly